<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കോ-ഓപ്പറേറ്റീവ് കോളേജുകളുടെ പ്രവർത്തനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സമാന്തര വിദ്യാഭ്യാസം നടത്തുന്ന എത്ര സഹകരണ കോളേജുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത്തരം കോളേജുകൾക്കായുള്ള പദ്ധതികളുടെയും നൽകിവരുന്ന സാമ്പത്തിക സഹായങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് 45 സഹകരണ വിദ്യാഭ്യാസ സംഘങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിവരുന്നു. മേൽ സംഘങ്ങളുടെ കീഴിൽ സമാന്തരവിദ്യാഭ്യാസം നടത്തുന്ന 35 സഹകരണ കോളേജുകൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമേ സംസ്ഥാന സഹകരണയൂണിയനു കീഴിൽ കിക്മ എംബി.എ.കോളേജ്, ആർ.പരമേശ്വരൻ പിള്ള മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് എന്നിവ തിരുവനന്തപുരത്തെ നെയ്യാർഡാം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു.<br><br>സർക്കാർ ഓഹരി മൂലധനം, മോഡണൈസേഷൻ, ഉപകരണങ്ങൾ/ ഫർണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്, സ്റ്റോർ നടത്തുന്നതിനുള്ള ഓഹരി മൂലധനം, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സബ്സിഡി/ ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ സംഘങ്ങൾക്ക് നൽകിവരുന്നു. |
| (ബി) | യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് റജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ കോ-ഓപ്പറേറ്റീവ് കോളേജുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോപ്പറേറ്റീവ് കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | കാലാനുസൃതമായ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തിയാൽ മാത്രമേ കോ-ഓപ്പറേറ്റീവ് കോളേജുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുവാൻ കഴിയുകയുള്ളു. നിലവിലെ കോഴ്സുകൾ പരിഷ്കരിക്കുകയും, കാലാനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അതതു സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ